# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം

**"ഏക സിവിൽകോഡ് "(21/10/16)**

**അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648**

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ ۗ وَمَنْ يَعْصِ اللَّهَ وَرَسُولَهُ فَقَدْ ضَلَّ ضَلَالًا مُبِينًا( الأحزاب ٣٣)

- **ദീനുൽ ഇസ്‌ലാം അല്ലാഹുവിനാൽ സ്ഥാപിതമായ മതമാണ്.** ചെറുതും വലുതുമായ മുഴുവൻ കാര്യങ്ങളും നിശ്ചയിച്ചതും വ്യവസ്ഥയാക്കിയതും അല്ലാഹുവാണ്. ആരാധനാ കാര്യങ്ങൾ മാത്രമല്ല സാമ്പത്തികം/ ഇടപാടുകൾ/ ആചാരം/ അനുഷ്ടാനം/ വിവാഹം/ മരണാന്തര ക്രിയകൾ.... എല്ലാം.

അവയെ നിയമമാക്കിയതിൽ നബി(സ്വ) തങ്ങൾക്കോ മറ്റോ യാതൊരു പങ്കുമില്ല. പ്രവാചകന്മാർ തങ്ങൾക്കു ലഭിച്ച വഹ്‌യുകൾ അങ്ങനെ തന്നെ അറിയിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

ദീനീ വിഷയങ്ങളിൽ നബി(സ്വ)യുടെ ദൗത്യം ജനങ്ങൾക്ക് അവരുടെ ഭാഷയിൽ വിശദീകരിച്ച് പഠിപ്പിക്കൽ മാത്രമാണ്.

وَأَنزَلْنَا إِلَيْكَ الذِّكْرَ لِتُبَيِّنَ لِلنَّاسِ مَا نُزِّلَ إِلَيْهِمْ وَلَعَلَّهُمْ يَتَفَكَّرُونَ (النحل ٤٤)

ചുരുക്കത്തിൽ ദീൻ സമ്പൂർണ്ണമായും അല്ലാഹുവിന്റെ നിയമ സംഹിതയാണ്.

- **ദീനിയ്യായ ഏതു കാര്യത്തിനും രണ്ട് പ്രത്യേകതകളുണ്ട്. രണ്ടും ഖുർആൻ വ്യക്തമാക്കിയതാണ്.**

**1- ഒരു കാര്യം നിയമമാക്കപ്പെട്ടാൽ അതിൽ നമ്മുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് സ്ഥാനമുണ്ടായിക്കൂടാ.** ഉദാഃ നാം കഷ്ടപ്പെട്ടുണ്ടാക്കുന്ന ധനത്തിൽ നിന്ന് 2.5% സകാത്ത് കൊടുക്കാൻ കൽപ്പിച്ചാൽ കൊടുത്തേ പറ്റൂ. അതിൽ നമ്മുടെ താത്പര്യങ്ങൾ തടസ്സമായിക്കൂടാ.
ഖുർആൻ പറയുന്നു.

وَمَا كَانَ لِمُؤْمِنٍ وَلَا مُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ...

ഈ ആയത്ത് അവതരിച്ചത് സൈനബ(റ) യുടെ വിഷയത്തിലാണ്. നബി(സ്വ) യുടെ അമ്മായിയുടെ മകൾ ആയിരുന്നു അവർ. അവർക്ക് വരനായി സൈദ് ബ്നു ഹാരിസ(റ) നെ നബി(സ്വ) നിർദ്ദേശിച്ചു. ഒരിക്കൽ അടിമയായിരുന്ന അദ്ദേഹത്തെ സൈനബ്(റ) യും വീട്ടുകാരും ഇഷ്ടപ്പെട്ടില്ല. അവർ നിരാകരിച്ചു. അപ്പോൾ ഈ ആയത്ത് ഇറങ്ങി.
സാധാരണ നിലക്ക് കല്യാണം വേണ്ടെന്ന് വെക്കാൻ ദീൻ ആർക്കും അനുവാദം നൽകും. പക്ഷേ ഇവിടെ അല്ലാഹുവിന്റെ അറിയിപ്പിനെ തുടർന്ന് നബി(സ്വ) യാണ് നിർദ്ദേശിച്ചത്. അത് എതിർക്കാൻ പാടില്ല.

ചുരുക്കം കല്യാണക്കാര്യത്തിൽ പോലും അല്ലാഹുവിന്റെയും റസൂലിന്റെയും നിയമത്തെ ലംഘിച്ചു കൂടാ. നിങ്ങളുടെ ഇഷ്ടാനിഷ്ടം പാടില്ലെന്ന നിയമം ദീനിന്റെ എല്ലാ നിയമങ്ങൾക്കും ബധകമാണ്

2-അല്ലാഹുവിന്റെ നിയമത്തിൽ യാതൊരു മാറ്റവും വരുത്താവതല്ല.
ഉദഃ ജുമുഅഃ ക്ക് ആദ്യം ഖുതുബഃ, രണ്ടാമത് നമസ്കാരം/ പെരുന്നാളിന് ആദ്യം നമസ്കാരം, രണ്ടാമത് ഖുതുബഃ ഇത് മറിച്ച് ആക്കാൻ ആർക്കും അനുവാദമില്ല. നബി(സ്വ) ക്കു പോലും മാറ്റാൻ അധികാരമില്ല.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ* لَأَخَذْنَا مِنْهُ بِالْيَمِينِ* ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ (الحاقة٤٤–٤٦

- ഏക സിവിൽ കോഡിനെ നാം നിരാകരിക്കുന്നത് അതുകൊണ്ടാണ്. നിലവിൽ മുസ്‌ലിംകൾക്ക് ദീൻ അനുസരിച്ച് പ്രവർത്തിക്കാൻ അനുവാദമുള്ള കാര്യങ്ങൾ മാറ്റി, ഭൂരിപക്ഷത്തിന്റെ നിയമം അടിച്ചേൽപ്പിക്കാനുള്ള ശ്രമമാണ് ഏകസിവിൽ കോഡിന്റെ പിന്നിലുള്ള ലക്ഷ്യം.
- അഞ്ചു കാര്യങ്ങൾ ശരീഅത്ത് അനുസരിച്ച് നടത്താൻ നിലവിൽ വ്യവസ്ഥയുണ്ട്. 1-വിവാഹം 2-വിവാഹ മോചനം 3-സ്വത്തവകാശം 4-ദത്തെടുക്കൽ 5-ത്വലാഖ് ചൊല്ലിയാൽ കൊടുക്കേണ്ട ജീവനാംശം.

ഇവ കൂടി മാറ്റി ശരീഅത്ത് ഇല്ലാതാക്കിയാൽ തൽസ്ഥാനത്ത് മറ്റ് നിയമങ്ങൾ നാം പാലിക്കേണ്ടി വരും. അതുകൊണ്ടാണ് മുസ്‌ലിം നേതൃത്വം ഒന്നടങ്കം ഏകസിവിൽകോഡിനെ എതിർത്തത്. ഇതിൽ അഭിപ്രായ വ്യത്യാസം മറന്ന് യോജിക്കാൻ എല്ലാ സംഘടനകൾക്കും കഴിഞ്ഞു. ഇത് മാതൃകാപരമാണ്. പൊതു വിഷയത്തിൽ ഇത് തുടരാൻ കഴിയണം.

ദീനിനെതിരായ നീക്കങ്ങൾ നടക്കുമ്പോൾ നമുക്കിടയിൽ ഉണ്ടാകുന്ന അഭിപ്രായ വ്യത്യാസം ദീനിനും സമുദായത്തിനും കോട്ടം വരുത്തും.

وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ ۖ(الأنفال ٤٦)

- ഏക സിവിൽ കോഡ് പല കാരണങ്ങളാലും എതിർക്കപ്പെടേണ്ടതാണ്

1- ഇത് ഭരണഘടന വകവച്ച് തരുന്ന മതസ്വാതന്ത്ര്യത്തിന് എതിരാണ്. 25/1: ഏത് പൗരനും താൻ ഇഷ്ടപ്പെടുന്ന മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം. 26/1: മതസ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള സ്വാതന്ത്ര്യം. ഇതിനെതിരാണ് ഏകസിവിൽകോഡ്.
2-ഇത് നമ്മുടെ രാജ്യത്തിന്റെ പൈതൃകത്തെ തകർക്കുന്നതാണ്. നാനാത്വത്തിൽ ഏതകത്വമാണ് നമ്മുടെ പാരമ്പര്യം (നാനാതരം വൈവിധ്യങ്ങൾക്കിടയിലും ഏക സമൂഹം) ഇവിടെ പല മതങ്ങൾ/ആചാരങ്ങൾ/ സംസ്കാരങ്ങൾ/ ഭാഷകൾ/ ആഘോഷങ്ങൾ നൂറ്റാണ്ടുകളായി നിലനിന്ന് വരുന്നു. ഇതൊക്കെ ഉടച്ച് ഒന്നാക്കിയാൽ അത് രാജ്യത്ത് അനൈക്യത്തിനും അസമാധാനത്തിനും കാരണമാകും (വിശദീകരിക്കുക)
3- ഇതിനാൽ വന്നുചേരുന്നത് സാംസ്കാരിക സമന്വയമാണ്. ഇത് സമുദായത്തിന്റെ ഐഡന്റിറ്റി ഇല്ലാതാക്കും ഹിന്ദു-മുസ്‌ലിം-ക്രിസ്ത്യൻ ആചാരങ്ങളെല്ലാം ഒന്നാകും. അത് കൊണ്ടാണ് സമുദായം ഒറ്റക്കെട്ടായി എതിർത്തത്. അത്കൊണ്ട് ഇത്തരം കാര്യങ്ങളിൽ ഒറ്റക്കെട്ടായി നാം നിൽക്കണം. അഭിപ്രായ വ്യത്യാസങ്ങൾ ഇതിന് തടസ്സമാകരുത്. അല്ലാത്ത പക്ഷം ഉമ്മത്തിന് നിലനിൽക്കാനാവില്ല.

NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ചൊവ്വാഴ്ചകളിലും ലഭിക്കും (ഇ:അ)